**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4401 — 13.11.2019-ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പോഷക സമ്പുഷ്ടമായ ആഹാരം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പോഷക സമ്പുഷ്ടമായ ആഹാരം ലഭ്യമാക്കുന്നതിന് ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:<br>**അട്ടപ്പാടി**<br>• അട്ടപ്പാടിയിൽ 2013 മുതൽ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ 2014 മുതൽ കുടുംബശ്രീ മുഖേന പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും (60%), വനിതാശിശുവികസന വകുപ്പിൽ നിന്നും (40%) ഫണ്ട് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• പ്രവർത്തനമാരംഭിച്ച 192 കമ്മ്യൂണിറ്റി കിച്ചനുകളിൽ 186 കമ്മ്യൂണിറ്റി കിച്ചനുകൾ അട്ടപ്പാടിയിൽ പ്രവർത്തിച്ചുവരുന്നു.<br>**വയനാട്**<br>• 2017-18-ൽ സർക്കാർ വയനാട് ജില്ലയിലെ തിരുനെല്ലി, കണിയാമ്പറ്റ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തുകളിലെ പാവപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയ്ക്കായി 5.68 കോടി രൂപ അനുവദിച്ചു.<br>• 2017-ൽ പ്രവർത്തനം തിരുനെല്ലിയിൽ ആരംഭിക്കുകയും പിന്നീട് കണിയാമ്പറ്റ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത 133 പട്ടികവർഗ്ഗ ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിലൂടെ 3553 ഗുണഭോക്താക്കൾക്ക് ഭക്ഷണവും നൽകി വരുന്നു. |
| ബി) | നിലവിൽ എത്ര ഊരുകളിലാണ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി വിജയപ്രദമാണോ; ഇല്ലെങ്കിൽ പദ്ധതി നേരിടുന്ന വെല്ലുവിളികൾ | ബി) | നിലവിൽ പദ്ധതി നടപ്പിലാക്കുന്ന ഊരുകളുടെ വിവരം ചുവടെ ചേർക്കുന്നു: |

എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

| നം. | ജില്ല | പദ്ധതി പ്രദേശം | കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുന്ന ഊരുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | പാലക്കാട് | അട്ടപ്പാടി ബ്ലോക്ക് | 186 | 11898 |
| 2 | വയനാട് | തിരുനെല്ലി, കണിയാമ്പറ്റ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തുകൾ | 133 | 3553 |
| | **ആകെ** | | **319** | **15451** |

കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പൂർണ്ണമായും വിജയകരമായി നടന്നുവരുന്നുണ്ട്.

സി) ഈ പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിരുന്നത്; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

സി) 2018-19-ലെ ചെലവുകൾ (കമ്മ്യൂണിറ്റി കിച്ചൻ)

| നം. | പദ്ധതി പ്രദേശം | ഗുണഭോക്താക്കൾ | വകുപ്പ് | വരവ് തുക (കോടിയിൽ) | ആകെ | ചിലവ് തുക (കോടിയിൽ) |
|---|---|---|---|---|---|---|
| 1 | അട്ടപ്പാടി | 13,232 | പട്ടിക വർഗ്ഗ വികസന വകുപ്പ് | 4.35 | 10.35 | 12.68 |
| | | | സാമൂഹ്യ നീതി വകുപ്പ് | 6.00 | | |
| 2 | വയനാട് (2017-18) | 3,553 | പട്ടിക വർഗ്ഗ വികസന വകുപ്പ് | 5.68 | 5.68 | 4.32 |

ഡി) 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഡി) 2019-20 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയ്ക്കായി സമർപ്പിച്ച 12.30 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**